HON'BLE MR. N. KUNJURAMAN : ടീച്ചേഴ്സിനെ നിയമിച്ചിട്ടുണ്ട്. പക്ഷെ സ്ഥലം അസൗകര്യമാണെന്നു പറഞ്ഞു പലരും അവധി എടുത്തിരിക്കുകയാണ്.

തിരുവല്ലാതാലൂക്കിൽ ഇപ്പോൾ ജോലിയിലിരിക്കുന്ന പാർവത്യകാരന്മാർ.

*161. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സഭയിൽ മറുപടി പറയുമോ.

(എ) തിരുവല്ലാതാലൂക്കിൽ ഇപ്പോൾ ജോലിയിലിരിക്കുന്ന പാർവത്യകാരന്മാരുടെ പേരുകളും അവർ ജോലിനോക്കുന്ന പകുതികളും പ്രസ്തുത പകുതികളിൽ നിയമിച്ചിട്ട് എത്ര കൊല്ലങ്ങളായി എന്നും;

(ബി) അവരിൽ ആരെയെല്ലാംപറ്റി പേഷ്കാർക്കും ഗവണ്മെൻറിനും പരാതികൾ ലഭിച്ചിട്ടുണ്ട്; അവയെപ്പറ്റി അന്വേഷണങ്ങൾ നടത്തിയോ? എന്തു നടപടി അവരുടെമേൽ നടത്തി?

HON'BLE MR. V. O. MARKOS : (എ) ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ നൽകുന്ന ഒരു സ്റ്റേറ്റുമെൻറ് മേശമേൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Statement of Proverthicars of the Thiruvella Talvk.

Serial No.	Name of Proverthicar.	Name of Pakuthies.	Total. Yr.	M.	Ds.	Remarks
1	C. M. Raman Pillai	Mannar	0	3	0	
2	M. K. Palpoo	Kizhakkum-bhagom	2	4	0	
3	K. K. Gopala Pillai	Kurattiseri	4	0	0	
4	J. Ramaswamy Iyer	Kadapra	0	6	0	
5	N. G. Gopala Pillai	Nedumpram	0	6	0	
6	P. Gopala Pillai	Peringara	6	0	0	
7	P. K. Krishnan	Kavumbhagom	0	8	0	
8	S. Madhavan Pillai	Thiruvalla	0	3	0	
9	P. Parameswaran Pillai	Eraviperoor	1	8	0	
10	K. G. Govinda Pillai	Kaviyoor	1	0	0	
11	S. A. Sankara Pillai	Thottapuzha-ssery	0	4	0	
12	K. P. Nilakanta Pillai	Ayiroor	0	4	0	
13	K. V. Varkey	Ezhumattoor	0	4	0	
14	C. K. Krishna Pillai	Thiruvan-vandoor	5	4	0	
15	N. P. Gopala Pillai	Pandanadu	4	0	0	
16	Ommerkutty	Ala	1	10	0	
17	K. Samuel	Puliyoor	0	6	0	
18	V. Kochuveloo Kurup	Cheriyanadu	0	2	0	
19	K. V. Kurien	Venmony	0	2	0	
20	K. Patch Pillai	Chengannoor	1	0	0	
21	M. K. Narayana Pillai	Puthenkavu	0	4	0	
22	N. Raman Pillai	Vadakkekara	0	4	0	
23	P. N. Nanoo	Pandalam-Vadakkekara	0	5	0	
24	M. E. Thomas	Koipram	0	6	0	
25	V. C. Kittu Pillai	Aranmula	5	0	0	

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. V. O. Markos]

(ബി) പ്രവർത്തികാരന്മാരായ പി. കെ. കൃഷ്ണനേയും, എസ്. ഏ. ശങ്കരപ്പിള്ളയേയും (സ്റ്റോറുമെൻറിലെ ഒ.ം ഫ.ം നമ്പരുകാർ) കുറിച്ച് പരാതികൾ കിട്ടിയിട്ടുണ്ട്. പി. കെ. കൃഷ്ണനെക്കുറിച്ചുള്ള ഹർജിയെപ്പറ്റി അന്വേഷണം നടത്തുകയും ആക്ഷേപങ്ങൾ അടിസ്ഥാനരഹിതങ്ങളെന്നു കാണുകയാൽ ഹർജി റിക്കാർഡ് ചെയ്യുകയും ചെയ്തു. എസ്സ്. ഏ. ശങ്കരപ്പിള്ളയെപ്പറ്റിയുള്ള ഹർജികൾ വ്യാജമാണെന്നു റിപ്പോർട്ട് ലഭിക്കുകയാൽ അവ റിക്കാർഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഈ ആളിനെപ്പറ്റി പിന്നീടു ലഭിച്ചിട്ടുള്ള മറ്റൊരു ഹർജിയുടെ അന്വേഷണം പൂർത്തിയായിട്ടില്ല. ഏതായാലും മേൽപറഞ്ഞ രണ്ടു പ്രവർത്തികാരന്മാരേയും അവർ ജോലിചെയ്തുകൊണ്ടിരുന്ന പകുതികളിൽ നിന്നും സ്ഥലംമാറ്റിയിട്ടുണ്ട്.

MR. K. A. MATHEW : പരാതികൾ അടിസ്ഥാനരഹിതങ്ങളാണെന്നു എങ്ങനെയാണു് തീർച്ചപ്പെടുത്തിയതു്?

HON'BLE MR. V. O. MARKOS : അന്വേഷണം നടത്തിയതിന്റെ ഫലമായിട്ടാണു് തീർച്ചപ്പെടുത്തിയതു.

MR. K. A. MATHEW : അവർ രണ്ടുപേരും ജോലിചെയ്തിരുന്ന പകുതികളിൽനിന്നും അതിനടുത്ത പകുതികളിലേയ്ക്കു് സ്ഥലം മാറ്റിയതു് മതിയായ ശിക്ഷയാണെന്നു് വിചാരിക്കുന്നുണ്ടോ?

HON'BLE MR. V. O. MARKOS : അപ്പോൾ അങ്ങനെയാണു് വിചാരിച്ചതു്.

MR. K. A MATHEW : പത്തോ പന്ത്രണ്ടോ കൊല്ലത്തേയ്ക്കു് ഒരു പാർവത്യകാരെ സ്ഥലം മാറ്റാതെ ഒരു സ്ഥലത്തുതന്നെ വച്ചുകൊണ്ടിരിക്കുന്ന നയം ശരിയാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. V. O. MARKOS : അങ്ങനെയില്ല. സാധാരണ ഒരു പാർവത്യകാരെ ഒരു സ്ഥലത്തു മൂന്നു കൊല്ലമേ വച്ചുകൊണ്ടിരിക്കാറുള്ളു. ചിലപ്പോൾ ചില വ്യത്യാസങ്ങളും ഉണ്ടായിട്ടുണ്ടു്.

MR. P. M. VARGHESE : മുപ്പാരക്കാരായ പാർവത്യകാരന്മാർ ഒരു സ്ഥലത്തുതന്നെ എത്രകാലം ഇരുന്നാലും കുഴപ്പമില്ലെന്നറിയാമോ?

HON'BLE MR. V. O. MARKOS : നല്ല മുപ്പാരക്കാരാണെങ്കിൽ കുഴപ്പം ഒന്നുമുണ്ടെന്നു തോന്നുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. V. K. VARGHESE (*Pathanamthitta III—General*) : പാർവ ത്യകാരന്മാരിൽ എത്രശതമാനം മുസ്ലീങ്ങളുണ്ടെന്നു പറയാമോ?

HON'BLE MR. V. O. MARKOS : അതു പറയാൻ അശേഷം നിവൃത്തി യില്ല.

MR. ABDUL AZIZ : അന്വേഷണം നടത്തുന്ന രീതി എന്താണെന്നു പറയുമോ?

HON'BLE MR. V. O. MARKOS : ഡിപ്പാർട്ടുമെൻറലായിട്ട അന്വേഷ ണം നടത്തുകയാണ് ചെയ്യുന്നത്.

MR. ABDUL AZIZ : ഡിപ്പാർട്ടുമെൻറൽ അന്വേഷണങ്ങളിൽ നൂറിനു് അഞ്ച ശതമാനമെങ്കിലും കുറഞ്ഞാലും ശരിയാണെന്നു തെളിഞ്ഞിട്ടുണ്ടോ?

HON'BLE MR. V. O. MARKOS : ശതമാനം പറയാൻ നിവൃത്തിയില്ല. എങ്കിലും ചില പരാതികളും ശരിയാണെന്നു തെളിഞ്ഞിട്ടുണ്ട്.

MR. A. P. UDAYABHANU (*Karunagappally II—General*) : മന്ത്രി പറഞ്ഞ മറുപടിയിൽനിന്നും കുറെ പാർവത്യകാരുടേതല്ല, സ്ഥലത്തെ നേറ്റാണെന്നല്ലേ വരുന്നത്?

HON'BLE MR. V. O. MARKOS : അതു മനസ്സിലാക്കുന്നവരെ അനു ശ്രയിച്ചിരിക്കും.

ലിഫ്റ്റ് ഇറിഗേഷൻ.

*162 MR. K. A. MATHEW : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഇറിഗേഷൻ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ?

(എ) തിരുവല്ലാതാലൂക്കിൽ മലക്കര മുണ്ടകൻറെയും പുഞ്ച നിലങ്ങളുടേയും ആവശ്യത്തിനായി ലിഫ്റ്റ് ഇറിഗേഷൻസ്കീം ഏർപ്പെ ടുത്തണമെന്ന അവിടത്തെ പൊതുജനങ്ങൾ ആവശ്യപ്പെട്ട തുടങ്ങി യിട്ട എത്ര കൊല്ലങ്ങൾ ആയി?

(ബി) അതിനുള്ള കാലതാമസം എന്ത്?

(സി) ഈ പദ്ധതിമൂലം ആ പ്രദേശത്തുള്ള അനേകായിരം പറ നിലങ്ങളിലെ നെൽകൃഷി രണ്ടര മടങ്ങ് വർദ്ധിപ്പിക്കാമെന്നു ഗവ ണ്മെൻറിനറിയാമോ?

(ഡി) ഇതേ സംബന്ധിച്ച് ഇതുവരെ ഗവണ്മെൻറ് എന്തെ ല്ലാം നടപടികൾ നടത്തിയിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly